സാഹിത്യവാരഫലം

1986/11/30 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1986/11/30-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



മന്നത്തു പദ്മനാഭൻ

എനിക്കറിയാവുന്ന വാഗ്മികളിൽ കേമൻ മന്നത്തു പദ്മനാഭനാണ്. ശബ്ദവേധിയും ലക്ഷ്യവേധിയുമാണ് അദ്ദേഹത്തിന്റെ വാക്കുകൾ. പ്രതിയോഗി ആ അമ്പുകളേറ്റു പിടയുന്നതു ഞാൻ പലതവണ കണ്ടിട്ടുണ്ട്. പ്രശംസയുടെ കാര്യത്തിലാണെങ്കിലും ഈ പ്രാഗല്ഭ്യം ദർശനീയമാണ്. മന്നം വ്യക്തിയെ പ്രശംസിക്കാൻ തുടങ്ങിയാൽ അതു കരുതിക്കൂട്ടിയുള്ള ശ്ലാഘയാണെന്ന് ആർക്കും തോന്നുകയില്ല. അയാൾ അർഹിക്കുന്ന സ്തുതി അദ്ദേഹം നിർല്ലോപം നല്കുന്നുവെന്നേ ശ്രോതാവിനു വിചാരമുണ്ടാകുകയുള്ളു. ഒരു സജ്ജീകരണവും കൂടാതെ പ്രഭാഷണ വേദിയിലേക്കു വരുന്നു. സന്ദർഭത്തിനു യോജിച്ച വിധത്തിൽ മന്ദഗതിയിൽ പ്രഭാഷണം തുടങ്ങുന്നു. ക്രമേണ അതിന്റെ ആക്കം കൂട്ടുന്നു. വേഗം വർദ്ധിക്കുന്നു. ഇനിയും കേൾക്കണമെന്ന അഭിലാഷത്തോടുകൂടി ശ്രോതാക്കൾ ഇരിക്കുമ്പോൾ പ്രഭാഷണം അവസാനിപ്പിക്കുന്നു. ഇതാണ് മന്നത്തിന്റെ പ്രഭാഷണശൈലിയുടെ സവിശേഷത. എന്നാൽ നമ്മളറിയുന്ന പല വാഗ്മികളും യഥാർത്ഥത്തിൽ വാഗ്മികളല്ല, അവർ പ്രഭാഷണം നേരത്തെ എഴുതി 'കാണാതെ പഠിച്ച്' കൊണ്ടു വരുന്നവരാണ്. വേദിയിൽ കയറി അതു തുടങ്ങിയാൽ അവർ വിചാരിച്ചാലും നിറുത്താനൊക്കുകയില്ല. സ്വനഗ്രാഹിയന്ത്രത്തിന്റെ സൂചി "ഓടിത്തീരുന്നതു" വരെ പാട്ടുകേട്ടുകൊണ്ടിരിക്കുമല്ലോ. അതിനു തുല്യമാണ് അവരുടെ പ്രഭാഷണ പ്രവാഹം. ഏതു വേദിയിൽ കയറിയാലും ഒരു റെക്കാർഡ് തന്നെ. ഒരു സൂചിതന്നെ.

ഈ 'ഒരേ പ്ളേറ്റ് വയ്പ്' സാഹിത്യത്തിലുമുണ്ട്. മനുഷ്യന്റെ ക്ഷുദ്രവികാരങ്ങളെ ഇളക്കിവിടുന്ന അയഥാർത്ഥമായ സാഹിത്യം സൃഷ്ടിക്കുന്ന വളരെപ്പേർ കേരളത്തിലുണ്ടല്ലോ. അവരുടെ രചനകൾ നോക്കു, എല്ലാം ഒരു പോലിരിക്കും. ഒരാളുടെ അമ്പതു നോവലുകളും ഒരേ മട്ടിൽ. മറ്റൊരാളുടെ അമ്പതു നോവലുകളും ആ 'ഒരാളുടെ' നോവലുകൾ പോലെ തന്നെ. ഇക്കൂട്ടർക്കു പേന കടലാസ്സിൽ വച്ചു കഴിഞ്ഞാൽ അതെടുക്കാൻ കഴിയുകയില്ല. അവസാനമെത്തുന്നതുവരെയും. ഈ സന്ദർഭത്തിൽ എനിക്കോർമ്മ വരുന്നത് ഒരു പ്രൊഫെസറുടെ കഥയാണ്. പേരു കേട്ട ആ പ്രൊഫെസർ ക്ലാസ്സിൽ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ ചിലപ്പോൾ കോട്ടുവായിടും. വായ് അധികം തുറന്നാൽ താടിയെല്ലു സ്ഥാനം തെറ്റി വായടയ്ക്കാൻ വയ്യാതെയാവും അദ്ദേഹത്തിന്. പ്രൊഫസർ മിൽട്ടനെക്കുറിച്ചു വാതോരാതെ പ്രസംഗിക്കുമ്പോൾ കുട്ടികൾക്കു നന്നേ മുഷിയും. അപ്പോൾ ഒന്നു രണ്ടു പേർ കരുതിക്കൂട്ടി കോട്ടുവായിടും. ചിരി, കോട്ടുവാ ഇവ പകരുമല്ലോ. വിദ്യാർത്ഥികൾ കോട്ടുവായിടുമ്പോൾ പ്രൊഫെസറും കോട്ടുവായിടും. താടിയെല്ല് സ്ഥാനം തെറ്റും. വായടയ്ക്കാൻ വയ്യാതെ അദ്ദേഹം നില്ക്കുമ്പോൾ കുട്ടികൾ 'പാരഡൈസ് ലോസ്റ്റ്' ഡസ്കിന്റെ താഴെ വച്ചിട്ടു തലതാഴ്ത്തി ക്ലാസ്സിൽ നിന്നിറങ്ങി പോകും. പ്യൂൺ വന്നാണ് പ്രൊഫസറുടെ താടിയെല്ലു യഥാസ്ഥാനം പിടിച്ചിട്ടു വായ് അടപ്പിക്കുന്നത്. കോട്ടു വായിട്ട് വായടയ്ക്കാൻ വയ്യാതെ നില്ക്കുന്ന പൈങ്കിളി നോവലിസ്റ്റുകളുടെ താടിയെല്ല് പഴയമട്ടിൽ പിടിച്ചിടാൻ ആരുണ്ട് കേരളത്തിൽ? ഒരുപാടു പേരുണ്ട്. അവരുള്ളതുകൊണ്ടാണല്ലോ ആ നോവലിസ്റ്റുകൾ പ്രതിനിമിഷം പൈങ്കിളികളെ പറത്തിക്കൊണ്ടിരിക്കുന്നത്. കോട്ടുവായിടൽ അഭിനയിച്ചു നോവലിസ്റ്റുകളുടെ താടിയെല്ല് തെറ്റിക്കുന്ന നിരൂപക വിദ്യാർത്ഥികൾ കുറവും.

മാന്ത്രികസ്വഭാവം


കാവാബാത്ത

ഏതു കലയുടെയും അടിസ്ഥാനപരമായ അംശം ലയമാണ്. സംഗീതത്തിന്റെ ലയം. താജ് മഹൽ ഘനീഭവിച്ച ലയമാണ്. കാവാബാത്തയുടെ എല്ലാ നോവലുകളും ഒഴുകുന്ന ലയമാണ്. നമ്പൂതിരി കലാകൗമുദിയിൽ വരയ്ക്കുന്ന ചിത്രമോരോന്നും ലയാത്മകമത്രേ. ഈ ആഴ്ചത്തെ വാരികയിൽ അദ്ദേഹം വരച്ചിട്ടുള്ള പെൺകുട്ടിയുടെ ചിത്രം നോക്കുക (ലക്കം 583, പുറം 23). നാദവും ശക്തിവിശേഷവും കൊണ്ടു ഗായകനായ യേശുദാസ് ഉണ്ടാക്കുന്ന ലയം അതേ മട്ടിൽ ഈ ചിത്രത്തിൽ ഉളവാക്കിയിരുന്നു നമ്പൂതിരി. അവളുടെ തലമുടി തിളങ്ങുന്നു, കവിൾത്തടങ്ങൾ തിളങ്ങുന്നു. തിളക്കത്തിലൂടെ ജീവിക്കാനുള്ള അഭിനിവേശം പ്രകാശിക്കുന്നു. അതേ സമയം തന്നെ ഉപഭോഗവസ്തുവായി കരുതി അടുത്തെത്തുന്ന പുരുഷന്മാരോടുള്ള പരിഭവവും വലതുകൈ നീട്ടിയിരിക്കുന്ന അവൾ ഉദരത്തിലൂടെ, പാവാടയുടെ മുകൾഭാഗത്തിലൂടെ സ്വച്ഛന്ദജീവിതത്തിന്റെ പ്രതീകമാണത്. പക്ഷെ, അതു തെറ്റാണെന്ന് അവൾക്കറിയാൻ പാടില്ലാതില്ല. അക്കാരണത്താലാവും ഇടതുകൈ വലതുകൈയുടെ മുകളിൽവച്ച് ആത്മനിയന്ത്രണം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെ അവൾ സൂചിപ്പിക്കുന്നത്. അവളുടെ പാവാടയുപോലും എന്തുഭംഗി. 'പാടാനറിയാമോ കുട്ടി, എങ്കിലൊന്നു പാട്ട്' എന്ന് എനിക്കു ചോദിക്കാൻ തോന്നിപ്പോകുന്നു. വി. ടി. വാസുദേവൻ എഴുതിയ 'യശോദാമണി' എന്ന കഥയിലെ യശോദാമണിയാണിവൾ. കഥയുടെ വൈരൂപ്യത്തിൽ നിന്ന രക്ഷ നേടാനായി ഞാൻ വാരികയുടെ പുറം മറിക്കുന്നു. അതോടെ സൗന്ദര്യത്തിന്റെ മാന്ത്രിക പ്രഭാവവും അസ്തമിക്കുന്നു.

നോബൽ സമ്മാനം നേടിയ ഐസക്ക് സിങ്ങറോട് ഒരാൾ ചോദിച്ചു: 'അങ്ങ് സസ്യഭുക്കാണോ?" സിങ്ങർ: അതേ. ചോദ്യകർത്താവ്: ആരോഗ്യപരങ്ങളായ കാരണങ്ങളാലാണോ? സിങ്ങർ: മൃഗങ്ങളുടെ ആരോഗ്യത്തെക്കരുതി.


ഐസക്ക് സിങ്ങർ

പച്ചവെള്ളം കുടിക്കുന്നപോലെ

പണ്ട് നൗഖാലിയിൽ നിന്നുവന്ന ഒരാളെ ഞാൻ പരിചയപ്പെട്ടു. അയാൾ ഒരു സംഭവം വർണ്ണിച്ചു: 'അവരെ പേടിച്ച് അയാൾ കുറ്റിക്കാട്ടിൽ ഒളിച്ചിരിക്കുകയായിരുന്നു. അവർ—ശത്രുക്കൾ—പോയിരിക്കുമെന്നു വിചാരിച്ചു പതുക്കെ പുറത്തേക്കു വന്നു. അയാളുടെ വായ് പൊത്തിപ്പിടിച്ച് അവർ ഹൃദയം നോക്കി ഒറ്റക്കുത്ത്. ചോരപ്പുഴ ഒഴുക്കിക്കൊണ്ട് അയാൾ ചത്തു വീണു. ഏറെ നേരമായിട്ടും ഭർത്താവിനെ കാണുന്നില്ലല്ലോ എന്നു വിചാരിച്ചാവാം ഭാര്യ കുറ്റിക്കാട്ടിൽ നിന്നിറങ്ങി വന്നു. അവർ അവളുടെ വായിൽ പഴന്തുണി തിരുകിയിട്ട് ബലാത്സംഗം നടത്തി. എന്നിട്ട് കത്തി പ്രയോഗിച്ച ആദ്യത്തെ മട്ടിൽ. അല്പം കഴിഞ്ഞപ്പോൾ അഞ്ചു വയസ്സായ പെൺകുഞ്ഞ് ആകർഷകമായ മട്ടിൽ നടന്ന് അവരുടെ അടുക്കലേക്കു വന്നു. അവർ —" ഞാൻ കാതു പൊത്തിക്കൊണ്ടു പറഞ്ഞു: "മതി ഇനി എനിക്കു കേൾക്കണ്ട. മതദൈവത്തിന്റെ പേരിലുള്ള കൊലപാതകങ്ങൾ. സമുദായത്തിലെ കൊള്ളരുതായ്മകൾ കണ്ട് അവ മാറണമെന്ന നല്ല ഉദ്ദേശ്യത്തോടുകൂടി സുകുമാർ ചൂർക്കഞ്ചേരി ആശുപത്രിയിൽ കിടക്കുന്ന ഒരമ്മയെ കൊല്ലുന്നു ("അമ്മ ആശുപത്രിയിലായിരുന്നു" എന്ന ചെറുകഥ, ദേശാഭിമാനി വാരികയിൽ). ഡോക്ടറെ 'വീട്ടിൽ പോയിക്കാണാൻ' ആ അമ്മയുടെ മകനു പണമില്ല. വീട്ടിൽ പോയി ഡോക്ടറെ കാണാത്തവരുടെ അമ്മമാരുടെ രോഗം ഭേദമാകാറില്ല. അവർ മരിക്കാറേയുള്ളു. കഥയിലെ അമ്മയും മരിച്ചു. കരുതിക്കൂട്ടി കഥാകാരൻ അവരെ കൊന്നോ? ഇല്ല. പ്രചാരണമെന്ന വേശ്യയോട് 'മാറി നില്ക്ക്' എന്നു പറയാൻ കഥാകാരന് അറിയാം. എന്നാൽ അമ്മയുടെ മരണം വർണ്ണിക്കാൻ പോകുകയാണ് അദ്ദേഹമെന്നു മനസ്സിലാക്കി "മതി ഇനി എനിക്കു കേൾക്കണ്ട" എന്നു നമ്മളാരെങ്കിലും വിലക്കുന്നുണ്ടോ? അതുമില്ല. പച്ചവെള്ളം കുടിച്ചാലെന്ത് അനുഭൂതി? ആ അനുഭൂതി മാത്രമേ ഇക്കഥ ഉളവാക്കുന്നുള്ളു.

> അവളുടെ തലമുടി തിളങ്ങുന്നു, കവിൾത്തടങ്ങൾ തിളങ്ങുന്നു. തിളക്കത്തിലൂടെ ജീവിക്കാനുള്ള അഭിനിവേശം പ്രകാശിക്കുന്നു. അതേ സമയം തന്നെ ഉപഭോഗവസ്തുവായി കരുതി അടുത്തെത്തുന്ന പുരുഷന്മാരോടുള്ള പരിഭവവും വലതുകൈ നീട്ടിയിരിക്കുന്ന അവൾ ഉദരത്തിലൂടെ, പാവാടയുടെ മുകൾഭാഗത്തിലൂടെ—കലാകൗമുദിയിൽ പ്രസിദ്ധീകരിച്ച ഒരു കഥയ്ക്ക് നമ്പൂതിരി വരച്ച ചിത്രത്തെക്കുറിച്ച്.

ചിലിയിൽ അപരാധം ചെയ്യാത്തവരെ വീട്ടിൽ നിന്നു പിടിച്ചിറക്കിക്കൊണ്ടു പോയി പട്ടാളക്കാർ വെടിവച്ചു കൊല്ലുന്നു. നിക്കാരഗ്വയിൽ ഒരു കുറ്റവും ചെയ്യാത്തവർ വഴിവക്കിൽ മരിച്ചു കിടക്കുന്നു. പഞ്ചാബിൽ പാവങ്ങൾ നൂറു കണക്കിനു വധിക്കപ്പെടുന്നു. ശ്രീലങ്കയിൽ പട്ടാളക്കാർ തമിഴരെ കൊല്ലുന്നു. ഓരോ വാർത്ത പത്രത്തിൽ വരുമ്പോഴും "ഇതു വായിക്കാൻ വയ്യ, വായിക്കാൻ വയ്യ" എന്നു നമ്മൾ പറയുന്നു. കഥകളിലെ പാവങ്ങൾ മരിക്കുമ്പോൾ നമ്മളതു കാണുന്നു. ക്ഷോഭമില്ലാതെ. കഥാകാരന്മാർക്കു നന്ദി.

കെ. വേലായുധൻ നായർ

മഹാത്മാഗാന്ധി ജാതിവ്യവസ്ഥയെ നിന്ദിച്ചിരുന്നു. അദ്ദേഹം Young India എന്ന സ്വന്തം പത്രത്തിൽ എഴുതി: "മനുഷ്യർ തമ്മിലുള്ള അസമത്വങ്ങളിലും എനിക്കു വിശ്വാസമില്ല. നമ്മൾ തികച്ചും സമന്മാരാണ്. പക്ഷെ സമത്വം ആത്മാവിനെ സംബന്ധിച്ചതാണ്; ശരീരങ്ങളെ സംബന്ധിച്ചതല്ല. അതിനാൽ അതൊരു മാനസികാവസ്ഥയാണ്. ഈ ഭൗതിക ലോകത്തിൽ അസമത്വങ്ങൾ വളരെക്കൂടുതലായി കാണുന്നതുകൊണ്ട് നമ്മൾ സമത്വത്തെക്കുറിച്ച് ആലോചിക്കണം. അതിനെ തറപ്പിച്ചു പറയുകയും വേണം. പ്രത്യക്ഷവും ബാഹ്യവുമായ ഈ അസമത്വത്തിന്റെ ഇടയിൽ നിന്ന് നമ്മൾ സമത്വം കണ്ടറിയണം. ഒരു വ്യക്തിക്കു മറ്റൊരു വ്യക്തിയെക്കാൾ ഉയർച്ച കല്പിക്കുന്നത് ഈശ്വരനോടും മനുഷ്യനോടും ചെയ്യുന്ന പാപമത്രേ. ഇങ്ങനെ പദവികളിൽ വ്യത്യാസങ്ങൾ കല്പിക്കുന്ന ജാതി തിന്മയായി വന്നുകൂടുന്നു." ജാതിവ്യത്യാസത്തെയും അസ്പൃശ്യതയെയും എതിർത്ത മഹാപുരുഷനായിരുന്നു ഗാന്ധിജി. അതുകൊണ്ട് യഥാസ്ഥിതികരായ ബ്രാഹ്മണർ അദ്ദേഹത്തെ വെറുത്തു. ഈ സത്യത്തിന്റെ നേർക്കു കണ്ണടച്ചുകൊണ്ട് ഗാന്ധിജിയെ നിന്ദിക്കുന്നതു ശരിയല്ലെന്ന് കെ. വേലായുധൻ നായർ യുക്തിപൂർവം ഉപന്യസിക്കുന്നു (കലാകൗമുദിയിലെ വർണ്ണനവും ഗാന്ധിയും എന്ന ലേഖനം). സത്യത്തിലേക്കു കൈചൂണ്ടി നില്ക്കുന്ന കെ. വേലായുധൻ നായർ.

പരോപകാര തല്പരനും കാരുണ്യശാലിയുമായ മഹാകവി നല്ല ബോധത്തോടുകൂടിത്തന്നെയാണ് മരിച്ചത്. മരിക്കാറായപ്പോൾ അദ്ദേഹം വല്ലാതെ കരഞ്ഞു. എന്തായാവാം അദ്ദേഹത്തിന്റെ ദുഃഖത്തിനു ഹേതു?

ഒരാൾ: മരണഭീതി തന്നെ.

മറ്റൊരാൾ: ബന്ധുക്കളെ പിരിഞ്ഞു പോകുന്ന എന്ന ദുഃഖം കൊണ്ട്.

വേറൊരാൾ: ഇനിയും എനിക്കു ജീവിക്കാമല്ലോ; നേരത്തെയാണല്ലോ ഞാൻ പോകുന്നത് എന്ന വിചാരം ജനിപ്പിച്ച വിഷാദത്താൽ.

എൻ. ഗോപാലപിള്ള: കവിത ധാരാളം എഴുതിയില്ലേ. അതിന്റെ പേരിൽ നരകത്തിൽ പോകുകയാണല്ലോ എന്ന വിചാരിച്ച്.

കക്കാട്

ആടിക്കാലക്കരിങ്കാറു
മുടിയും മിന്നൽ ചിന്നിയും
വർഷകാല മഹാരാത്ര
മാടിക്കാട്ടാറ്റു ചീറ്റിയും

താഴ്വരക്കാട്ടിലോണപ്പ
നരഞ്ഞും കന്നിവെയ്ലൊളി
തെളിഞ്ഞും ഇടിവെട്ടേറ്റു
തുലാക്കാടു നടുങ്ങിയും;

ആതിരക്കുളിരിൽ നീഹാര
മണിഞ്ഞും മേടവിണ്ണിലെ
കത്തിക്കാളും കണിക്കൊന്ന-
ക്കനകക്കളി ചാർത്തിയും;

ഋതുചക്രങ്ങൾതൻ ഭിന്ന
വർണ്ണഭാവശതങ്ങളാൽ
എന്റെ വംശമഹാവൃക്ഷം
വളർത്തി ബഹുശാഖയായ്.

കക്കാട്

ഇതു കക്കാടിന്റെ കവിതയാണ് (മാതൃഭൂമി ആഴ്ചപ്പതിപ്പ്, "സംഗമനീയം"). ഇതിലെ ചലനങ്ങൾക്കു പിറകിൽ ഒരു "മഹാനിശ്ശബ്ദത"യുണ്ട്. ആ വലിയ നിശ്ശബ്ദതയും ആ വലിയ ചലനങ്ങളും ഒരുമിച്ചു ചേരുമ്പോൾ തികച്ചും ആധ്യാത്മികമായ സമനിലയുണ്ടാകുന്നു. ഭാരതീയ സാഹിത്യത്തിന്റെ സവിശേഷത ഇതുതന്നെയാണ്. കക്കാടിന്റെ കവിത ഏതു സന്ദർഭത്തിലും ഈ സമനിലയെ പ്രകീർത്തനം ചെയ്യുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഉജ്ജ്വലങ്ങളായ കാവ്യങ്ങൾ വായിക്കുമ്പോൾ ക്ഷോഭമാർന്ന എന്റെ മനസ്സ് ക്ഷോഭരഹിതമായി ഭവിക്കുന്നു; അതു ശാന്തത കൈവരിക്കുന്നു. ഈ അനുഭവം ജനിപ്പിക്കുന്ന കാവ്യങ്ങൾ നവീന സാഹിത്യത്തിൽ വളരെയില്ല. പേരുകൾ പറയാൻ വൈഷമ്യമുണ്ട്. അവരുടെ കാവ്യങ്ങൾ വേദനാജനകമായ വിധത്തിൽ ബഹിർഭാഗസ്ഥങ്ങളാണ്. ബഹിർഭാഗസ്ഥങ്ങളായ കാവ്യങ്ങൾ ഉച്ചത്തിൽ ചൊല്ലിയാൽ ക്ഷുദ്രങ്ങളായ മനസ്സുകളിൽ തരംഗങ്ങൾ ഉയരും. തരംഗങ്ങൾ തീരത്തുവന്നടിക്കുന്നതിന്റെ ശബ്ദം കൈയടിയുടെ ശബ്ദമായി കേൾക്കും. നേരെമറിച്ചാണ് കക്കാടിന്റെ കവിതയുടെ സ്ഥിതി. പ്രശാന്തത ഓളം വെട്ടുന്ന ഒരാദർശാത്മക ലോകത്തിന്റെ ചാരുതയാർന്ന ആവിഷ്കാരമാണിത്.

വൈക്കം മുഹമ്മദ് ബഷീർ


വൈക്കം മുഹമ്മദ് ബഷീർ

വിചിത്രമാണ് കേരളത്തിലെ അവസ്ഥ. കലാകാരന്മാർ ജീവിച്ചിരിക്കുമ്പോൾ അവരെക്കുറിച്ച് ഒരു നല്ല വാക്കു പോലും ആരും പറയുകയില്ല. മരിച്ചാലുടനെ ഓരോ വ്യക്തിയും സ്തോതാവായി മാറും. അന്തരിച്ച കലാകാരൻ ശ്വാസം നില്ക്കുന്ന നിമിഷം വരെയും കേരളീയരിൽ നിന്ന് അതിദൂരം അകന്നു നിന്നിരുന്നവനും അന്ത്യശ്വാസം നിന്ന നിമിഷം തൊട്ട് ഓരോ വ്യക്തിയിലും പ്രവേശം സംഭവിച്ചാലുടനെ രചനകളും തൂലികകളും ചലിച്ചു തുടങ്ങും. മരിച്ചയാൾ മൂന്നു ചക്ര മുള്ളോടെ വിഴുങ്ങിയിരുന്നുവെന്നും മറ്റുമാണ് പ്രഖ്യാപിക്കുക. അത് ഏതാനും ദിവസത്തേക്കു മാത്രം. പിന്നെ പരിപൂർണ്ണമായ വിസ്മൃതിയാണ്. വൈലോപ്പിള്ളി ശ്രീധരമേനോൻ മരിച്ചപ്പോൾ എന്തു ബഹളമായിരുന്നു!. ഇപ്പോൾ അദ്ദേഹത്തെ ആരും ഓർമ്മിക്കുന്നില്ല. ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തെ ആരും മാനിച്ചതുമില്ല. എം. എൻ. വിജയനോ ഡോക്ടർ എം. ലീലാവതിയോ അദ്ദേഹത്തിന്റെ കവിതയെക്കുറിച്ച് എഴുതിക്കാണും അത്രയേയുള്ളു. എന്നാൽ ജീവിച്ചിരിക്കെത്തന്നെ ഓരോ സഹൃദയന്റെയും മനസ്സിൽ കടന്നു ചെന്ന് അവിടം ആവാസകേന്ദ്രമാക്കിയ കലാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. മുപ്പത്തിയാറു വർഷങ്ങൾക്കു മുൻപാണ് ഞാൻ ബഷീറിനെ എറണാകുളത്തു വച്ച് കാണുന്നത്. അദ്ദേഹം 'സർക്കിൾ ബുക്ക് ഹൗസ്' നടത്തിക്കൊണ്ടിരുന്ന കാലം. ഞാനവിടെ കയറി എന്റെ പേരു പറഞ്ഞു. ഇന്നു കുറെ കുപ്രസിദ്ധിയെങ്കിലും എനിക്കുണ്ട്, അന്ന് അതുമില്ല. എന്നിട്ടും ബഷീർ അതിഥി സത്കാര തല്പരത്വത്തോടു കൂടി എന്നെ സ്വീകരിച്ചു. അകത്തുനിന്ന് മടക്കു കസേരയെടുത്തു കൊണ്ടുവന്നു നിവർത്തി വച്ച് ഇരിക്കാൻ പറഞ്ഞു. "ഇവിടെ കസേര ഇടാൻ വയ്യ. ചിലരെല്ലാം കയറി ഇരുന്നു കളയും" എന്നാണ് അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞത്. ബഷീറിന്റെ കടയിലുണ്ടായിരുന്ന ഓരോ പുസ്തകവും മാസ്റ്റർപീസായിരുന്നു. ഞാൻ മോഡേൺ ബുക്ക്സ് പ്രസാധനം ചെയ്ത 'അന്നാകരേനിന' വാങ്ങി. ഇന്ന് നൂറ്റമ്പതു രൂപയെങ്കിലും കൊടുക്കേണ്ട ആ പുസ്തകത്തിന് അന്നത്തെ വില നാലു രൂപ. പ്രാക്കുളം ഭാസി ഉടമസ്ഥനായിരുന്ന ഹോട്ടലിൽ മുറി ഒഴിവില്ലെന്നാണ് എന്നോട് അവിടെയുള്ളവർ പറഞ്ഞത്. ബഷീറിനോട് ഒരു മുറി എവിടെയെങ്കിലും തരപ്പെടുത്തിത്തരണമെന്ന് ഞാൻ അപേക്ഷിച്ചു. അതു പറയാത്ത താമസം അദ്ദേഹം ടെലിഫോണിൽ ഭാസിയെ വിളിച്ചു. മുറിതരാൻ ഏർപ്പാടു ചെയ്തു. ഒരു മുറി നല്ല മനുഷ്യനെ കണ്ടു എന്ന വിചാരത്തോടെയാണ് ഞാൻ അവിടം വിട്ടു പോയത്. ഇന്നും ആ നന്മയ്ക്കു മുൻപിൽ ഞാൻ അവനതശിരസ്കനായി നില്ക്കുന്നു. ബഷീറിനെ ഈയിടെ കണ്ട ഹൈദരാലി ടാറ്റാപുരത്തിനും എഴുതാനുള്ളത് അദ്ദേഹത്തിന്റെ മനുഷ്യത്വത്തെക്കുറിച്ചു തന്നെയാണ്; സ്വാർത്ഥ തല്പരരും പരദൂഷണ കുതുകികളുമായ സാഹിത്യകാരന്മാർ നിറഞ്ഞ ഈ കേരളത്തിൽ വൈക്കം മുഹമ്മദ് ബഷീറെന്ന നല്ല മനുഷ്യൻ ഒറ്റയ്ക്കു നില്ക്കുന്നു: ധ്രുവനക്ഷത്രം പോലെ (ഹൈദരാലിയുടെ ഇൻറർവ്യൂ റിപ്പോർട്ട് ലേഖന വാരികയിൽ).



ജോർജ് മൈക്സിന്റെ പുസ്തകങ്ങൾ രസപ്രദങ്ങളാണ്. How to be the poor, How to be Decadent, How to be an Alien ഈ മൂന്നു പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. നിത്യജീവിതസംഭവങ്ങളിലെ കൊച്ചുകൊച്ചു സംഭവങ്ങളിൽപ്പോലും ഹാസ്യം കാണാൻ ഈ സാഹിത്യകാരനു വൈദഗ്ധ്യമുണ്ട്. അദ്ദേഹത്തിന്റെ Meanness എന്ന ഹാസ്യരചനയിൽ ഉള്ള ഒരു സംഭവം ഓർമ്മയിലെത്തുന്നു. ഇരുപത്തയ്യായിരം പവനുള്ള ഒരിടപാടു നടന്നു. പ്രമാണങ്ങൾ കൊണ്ടു വന്നു. അവ ചിതറിപ്പോകാതിരിക്കാൻ വേണ്ടി റബ്ബർ ബാൻഡ് ഇട്ടിരുന്നു. പണം പറ്റിയ ആൾ പ്രമാണങ്ങൾ എടുത്തു കൊടുത്തു. പണം കൊടുത്തയാൾ ഓരോ പ്രമാണവും നോക്കിയതിനു ശേഷം പോകാൻ ഭാവിച്ചപ്പോൾ പണം വാങ്ങിയ ആൾ ചോദിച്ചു: May I have that rubber band please? (ഓർമ്മയിൽ നിന്നെഴുതുന്നത്). ഇതാണ് ശരിയായ 'എച്ചിത്തരം'. നിക്സന്റെയും റീഗന്റെയും നാട്ടുകാരനായ ഒരു സായ്പ് തിരുവനന്തപുരത്തുണ്ടായിരുന്നു. അദ്ദേഹത്തെ കാണാൻ പ്രൊഫെസർ ആർ. പി. നായരും (അന്തരിച്ചു) പ്രൊഫസർ എസ്. വൈദ്യനാഥയ്യരും (പാലക്കാട്ടു താമസം) ഞാനും കൂടി പോകുമായിരുന്നു. സായ്പ് ഉൾപ്പെടെ ഞങ്ങൾ നാലു പേർ. സായ്പ് മൂന്നു കപ്പ് കാപ്പി വാങ്ങിപ്പിച്ച് നാലു ഗ്ലാസ്സുകളിൽ ഒഴിച്ചു തരും. (ആരും വഴക്കിനു വരരുത്, ടംബ്ളർ എന്ന അർത്ഥത്തിൽ ഗ്ലാസ്സ് എന്നു പറയാം.) ഇതൊക്കെ പരസ്യമാക്കുന്നതാണ് അധമത്വം അല്ലേ! പ്രിയപ്പെട്ട വായനക്കാരേ? ശരി എന്നാൽ നിറുത്താം.

മശകം

ആങ്ദ്രേ ഷീദിന്റെ The Vatican Cellars എന്ന നോവലിൽ ഒരു കഥാപാത്രം കൊതുക കടിയേല്ക്കുന്നതിന്റെ വർണ്ണനമുണ്ട്. അയാൾ ഉറങ്ങാൻ കിടന്നു. പക്ഷേ, ജനൽ തുറന്നിട്ടതിനു മുൻപ് വിളക്ക് കെടുത്തണമെന്ന കാര്യം മറന്നു പോയി. വെളിച്ചം കൊതുകിനെ ആകർഷിക്കും. കൊതുക കടിക്കുന്നതിനു മുൻപ് അതിന്റെ സവിശേഷമായ ഗാനോപകരണത്തിൽ നിന്ന് സംഗീതം പ്രവഹിപ്പിക്കുമല്ലോ. ഉറങ്ങാൻ കിടക്കുന്നവനു മുന്നറിയിപ്പു നൽകാനായി ഈശ്വരൻ ചെയ്ത സഹായമാണത്. അയാൾ "മസ്ലിൻ പ്രതിബന്ധം" വലിച്ചിട്ടു. പക്ഷേ, മൂക്കിന്റെ ഇടതു വശത്തു ഒരു കടി. അതു തടവുമ്പോൾ കൈത്തണ്ടയിൽ മറ്റൊരു കടി. ആകെക്കൂടി നീറ്റൽ. കാതിനടുത്ത് ഒരു മൂളൽ. എന്ത്? കോട്ടയ്ക്കകത്തു തന്നെ ശത്രുവോ? വിളക്കിന്റെ സ്വിച്ചിട്ടു നോക്കിയപ്പോൾ വലയുടെ മുകളിൽ അതിരിക്കുന്നു. ആഞ്ഞൊരടി. പക്ഷേ, കൊതുകിന്റെ മൃതദേഹം കണ്ടില്ല. പകരം കാൽവണ്ണയിൽ ഒരു കടി. അയാൾ ഷീറ്റെടുത്തു പുതച്ചു. വിളക്കു കെടുത്തി. അതാ വീണ്ടും കൊതുകിന്റെ പാട്ട്...



മനുഷ്യന്റെ സ്വസ്ഥത കെടുത്തുന്ന പൈങ്കിളി കഥാമശകങ്ങൾ കേരളത്തിൽ ധാരാളം. ഒരു മശകം 'കങ്കമ'ത്തിൽ പാറിപ്പറക്കുന്നു. അതിന്റെ പേരു "വെറു മൊരോർമ്മ" എന്നാണ്. പറത്തിവിട്ടത് ഇന്ദു ഡി. പിള്ളയും ആ കഥാമശകം എന്നെ കടിച്ചു. നെറ്റിയിലും മൂക്കിലും കാൽവിരലിലും കടിച്ചു. എന്തൊരു നീറ്റൽ. കലാഡ്രിൽ ലോഷൻ എവിടെ? അല്പം പുരട്ടിയാൽ കുറെക്കഴിഞ്ഞ് നീറ്റൽ മാറും. പക്ഷെ പ്രയോജനമില്ല. കൊതുകവല എന്ന കോട്ടയുടെ അകത്ത് കിടന്നു കറങ്ങുകയാണിത്. വീണ്ടും കടിച്ചു വേദനിപ്പിക്കും. എല്ലാ പൈങ്കിളി മശകങ്ങളും ഒരുപോലെയാണ്. അതുകൊണ്ട് ഈ മശകത്തിന്റെ സവിശേഷതയെന്ത് എന്നു ഞാൻ വിശദീകരിക്കേണ്ടതില്ല. പാതിരിമാരും പിള്ളേരും കാക്കകളും പൈങ്കിളിക്കഥകളും ഒരുപോലിരിക്കും. വേർതിരിച്ചറിയാൻ പ്രയാസം. ഇന്ദു ഡി. പിള്ള അയച്ച ഈ കൊതുകിനെപ്പോലെ ആയിരമായിരം കൊതുകുകളെ ഞാൻ മുൻപു കണ്ടിട്ടുണ്ട്. ഇനി കാണുകയും ചെയ്യും. തൈലം തളിക്കുന്നവരെ കോർപ്പറേഷൻ മേയർ അയച്ചാൽ ഉപകാരം. പത്രാധിപന്മാരും മേയറന്മാരെപ്പോലെ പ്രവർത്തിച്ചാൽ കൊള്ളാം.

എന്റെ ഗുരുനാഥനായിരുന്ന സി. ഐ. ഗോപാലപിള്ള. സാറിനോടു ഞാൻ ചോദിച്ചു: "സാറിനു ഇത്ര പ്രായമായിട്ടും ഒരു മുടി പോലും നരച്ചില്ല. ആകെ യുവത്വം. എന്താണ് ഈ ആരോഗ്യത്തിന്റെ രഹസ്യം?" സാർ പറഞ്ഞു: "ഞാൻ ദിവസവും ചവന്യപ്രാശവും ദശമൂലാരിഷ്ടവും കഴിക്കുന്നു. അതുതന്നെയാണ് രഹസ്യം."

എഴുപതു വയസ്സായ ചേമ്പർ ലെയിനോട് ഒരാൾ ഇതേ ചോദ്യം ചോദിച്ചു. അദ്ദേഹം മറുപടി നൽകി: "കാറിൽ സഞ്ചരിക്കാൻ സൗകര്യമുണ്ടെങ്കിൽ നടക്കുകയേ അരുത്. രണ്ടു ചുരുട്ടുകളിൽ നീളം കൂടിയതും ശക്തി കൂടിയതും ഏതോ അതു തിരഞ്ഞെടുത്തു വലിക്കണം." ഇതു ശരിയാണെങ്കിൽ ഇനിയും വളരെക്കാലം സാഹിത്യവാരഫലം എഴുതാൻ എനിക്കു കഴിഞ്ഞേക്കും. ഞാൻ നടക്കാറേയില്ല. ഓട്ടോറിക്ഷയിലാണ് സവാരി. ഏറ്റവും നീളമുള്ള സിഗററ്റാണ് ഞാൻ ദിവസം ഇരുപതെന്ന കണക്കിനു വലിക്കുന്നത്.

വോളേ സോയിങ്ക

സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ നൈജീരിയാക്കാരനെ വോൾ ഷൊയിങ്ക എന്നു മനോരമ ആഴ്ചപ്പതിപ്പ് വിളിക്കുന്നു. തിരുവനന്തപുരത്തെ നലാഞ്ചിറ എന്ന സ്ഥലത്തു ചില നൈജീരിയാക്കാർ താമസിക്കുന്നുണ്ട്. അവരിൽ ഒരാൾ പറഞ്ഞു വൊളേ സൊയിങ്ക എന്നാണ് ഉച്ചാരണമെന്ന്. വൊള സെയിങ്കയാണ് ശരിയെന്നു ഡോക്ടർ പുതുശ്ശേരി രാമചന്ദ്രനും അറിയിച്ചു. മറ്റൊരു നൈജീരിയാക്കാരൻ പറഞ്ഞതാണത്രേ അത്. അടുത്ത കാലത്തു ഒരു പത്രത്തിൽ സോൾ വൊയിങ്ക എന്നു കണ്ടു. ഇവയിൽ ഏതു ശരി? സംശയമില്ല. സോൾ വൊയിങ്ക എന്നതു തന്നെ. നമ്മൾ ഇനി അങ്ങനെ വിളിച്ചാൽ മതി. സമ്മാനം കിട്ടിയ മനുഷ്യന്റെ ഭാര്യയും മക്കളും അങ്ങു ദൂരെയല്ലേ താമസിക്കുന്നത്. അവർ ഇതറിയാൻ മാർഗ്ഗമില്ല. അതുകൊണ്ട് വഴക്കിനു വരികയുമില്ല.

കൊട്ടാരക്കര ശ്രീധരൻനായർ


കൊട്ടാരക്കര ശ്രീധരൻനായർ

തീവണ്ടിയാപ്പീസിനു തെല്ലകലെയുള്ള ഒരു കുന്നിന്റെ മുകളിൽ ഞാനും കൊട്ടാരക്കര ശ്രീധരൻ നായരും ഇരുന്ന് അതുമിതും പറയുകയായിരുന്നു. കുന്നിൽ നിന്നു താഴോട്ടു നോക്കിയാൽ തീവണ്ടിപ്പാളം കാണാം. കൊട്ടാരക്കര ശ്രീധരൻ നായർ പറഞ്ഞു: ഈ കുന്നിനോടു ചേർന്ന് ഒരു കഥയുണ്ട്. അല്ല. യഥാർത്ഥ സംഭവം. ഒരു നിഷ്കളങ്കയായ പെൺകുട്ടിയെ ഒരു ദുഷ്ടൻ ഗർഭിണിയാക്കി. നാട്ടുകാരും വീട്ടുകാരും അതറിഞ്ഞപ്പോൾ പെൺകുട്ടിക്കു മരിച്ചാൽ മതി എന്നായി. താനും കൂടെ ചാകാമെന്ന് അയാൾ പറഞ്ഞു. രണ്ടു പേരും ഈ കുന്നിന്റെ അഗ്രത്തിൽ വന്നുനിന്നു. ദൂരെ നിന്നു തീവണ്ടി ഇരച്ചു വരുകയാണ്. അത് അടുത്തെത്തിയപ്പോൾ അയാൾ പാളത്തിലേക്കു ചാടുന്ന മട്ടുകാണിച്ചു. അവൾ യഥാർത്ഥത്തിൽ ചാടുകയും ചെയ്തു. തീവണ്ടി അവളെ ചതച്ചരച്ചുവെന്നു കണ്ട അയാൾ തിരിച്ചു വീട്ടിലേക്കു പോന്നു.

വേറൊരു ദിവസം ശ്രീധരൻ നായർ മറ്റൊരു യഥാർത്ഥ സംഭവം പറഞ്ഞു. ഒരു യുവാവ് കൂട്ടുകാരനായ മറ്റൊരു യുവാവിനെ കാട്ടിൽ വിളിച്ചു കൊണ്ടുപോയി വെട്ടിയ കഥ. അതിനെക്കുറിച്ച് എനിക്കു കൂടുതലെഴുതാൻ വയ്യ. അതിനോടു ബന്ധപ്പെട്ട വ്യക്തികൾ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടാവും. ഇങ്ങനെ പലതും സംസാരിച്ച് ഞങ്ങൾ സായാഹ്നങ്ങൾ തള്ളിവിട്ടിട്ടുണ്ട്. ശ്രീധരൻ നായർക്കു സാഹിത്യത്തിലും താല്പര്യമുണ്ടായിരുന്നു. കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യിലെ ശ്ലോകങ്ങൾ അദ്ദേഹം ചൊല്ലിക്കേൾപ്പിക്കുമായിരുന്നു. 1940-ലെ കഥയാണ് ഇപ്പറഞ്ഞത്.

1970-ൽ ഞങ്ങൾ പുനലൂരെ ഒരു മീറ്റിങ്ങ് സ്ഥലത്തു വച്ചു തമ്മിൽ കണ്ടു. "എന്നെ ഓർമ്മിക്കുന്നില്ലേ?" എന്നു ഞാൻ ചോദിച്ചപ്പോൾ 'ഇല്ല' എന്നായിരുന്നു മറുപടി. ഞാൻ വിഷാദത്തോടെ അകലെ പോയിരുന്നു. കൊട്ടാരക്കര ശ്രീധരൻ നായർ ഒരഞ്ചു മിനിറ്റ് എന്തോ ഗാഢമായി ആലോചിക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം ചാടിയെഴുന്നേറ്റ് ഓടി വന്ന് എന്നെ കെട്ടിപ്പിടിച്ചു. "തെരുവിൽ പാപ്പച്ചൻ പിള്ളയുടെ വീട്ടിൽ താമസിച്ചിരുന്ന എക്സൈസ് ഇൻസ്പെക്ടർ മാധവൻ പിള്ളയുടെ മകനാണോ?" എന്ന് ഒരു ചോദ്യം. 'അതെ' എന്ന മറുപടി കേട്ടയുടനെ "സ്നേഹിതാ ക്ഷമിക്കണേ" എന്നു പറഞ്ഞു കണ്ണീരൊഴുക്കി.

നിസ്തുലനായ അഭിനേതാവായിരുന്നു ശ്രീധരൻ നായർ. പോൾ മ്യുനി നടക്കുമ്പോൾ ആളുകൾ "ഇതാ എമിൽ സൊല പോകുന്നു, ലൂയി പാസ്റ്റർ പോകുന്നു, വാങ്ങ് ലങ്ങ് പോകുന്നു" എന്നു പറയുമായിരുന്നു. 'ഇതാ ചെമ്പൻ കുഞ്ഞ് നമ്മളെയെല്ലാം ദുഃഖത്തിലാഴ്ത്തിക്കൊണ്ടു പോയ്ക്കഴിഞ്ഞു" എന്നു ഞാനും പറയട്ടെ. കെ. പി. ഉമ്മർ ജനയുഗം വാരികയിലെഴുതിയ ലേഖനത്തിലും ഈ അഭിനയവൈദഗ്ധ്യത്തെക്കുറിച്ചു തന്നെയാണ് പറയുന്നത്. ലോകമറിഞ്ഞാലും ഇല്ലെങ്കിലും ആളുകൾ ജനിക്കും മരിക്കും. ലോകമറിഞ്ഞ മരണമാണ് കൊട്ടാരക്കര ശ്രീധരൻ നായരുടേത്. അത്രയ്ക്കായിരുന്നു അദ്ദേഹത്തിന്റെ സിദ്ധികൾ.

Oxford Dictionary of Current Idiomatic English Verbs with Preposition and Particles Vol II, Phrase, Clause and Sentence Vol II ഈ രണ്ടു നിഘണ്ടുക്കളും ഇംഗ്ലീഷ് പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണ്. പ്രസാധനം 1985-ൽ. രണ്ടാമത്തെ വാല്യത്തിൽ നിന്നും ഒരുദാഹരണം Keep dog and bark oneself, (saying) employ, or having the services of somebody to do something and yet choose to do it oneself (മുഴുവനുമെഴുതാൻ സ്ഥലമില്ല. തുടർന്ന്, വാക്യങ്ങളിലൂടെ ഈ ചൊല്ലിന്റെ അർത്ഥം വിശദീകരിക്കുന്നുണ്ട്.)

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.